# കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതു വിദ്യാഭ്യാസ വകുപ്പ് - "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി" മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് വിവിധതലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതു വിദ്യാഭ്യാസ (എം) വകുപ്പ്

**സ.ഉ (പി)നം. 202/2016/പൊ.വി.വ.    തീയതി, തിരുവനന്തപുരം, 08/12/2016**

---

പരാമർശം:- 1) 28/09/16 ലെ സഉ (പി) നം.41/2016/ആ.സാ.വ.
2) 04/11/16 ലെ സഉ(പി)നം. 49/16/ആ.സാ.വ.
3) 0 7/11/16 ലെ സഉ(പി)നം.186/16/പൊ.വി.വ.

## <u>ഉത്തരവ്</u>

സമഗ്ര കേരള വികസനത്തിനുവേണ്ടി 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്ന കർമ്മപദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം നവകേരള ദൗത്യത്തിലെ നാല് മിഷനുകളെ സംബന്ധിച്ച് പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. പരാമർശം (3) പ്രകാരം "സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി"യെ "പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്ന് പുനർനാമകരണം ചെയ്യുകയും പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ അംഗീകരിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

"പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം" പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം രൂപീകൃതമായിട്ടുള്ള വിവിധകർമ്മസേനകളിൽ ചുവടെ ചേർക്കുന്ന അംഗങ്ങളെ കൂടി ഉൾപ്പെടുത്തി വിപുലീകരിച്ച് കൊണ്ട് ഉത്തരവാകുന്നു.

### I. <u>സംസ്ഥാനതല കർമ്മ സേന</u>

- മിഷൻ സെക്രട്ടറി & കർമ്മസേന ചെയർമാൻ - പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി.
- ഒരു പൂർണ്ണ സമയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിയമനം നടത്തുന്നതുവരെ നടപ്പുവർഷത്തെ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുന്നതി ലേക്കായി പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ശ്രീ.ഗോപാലകൃഷ്ണഭട്ട് ഐ.എ.എസിനെ ചുമതലപ്പെടുത്തുന്നു.

### <u>II.കർമ്മ സേനയിൽ ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വാഹക സമിതി (Executive Committee) രൂപീകരിക്കുന്നു.</u>

- ഹയർ സെക്കന്ററി / വൊക്കേഷണൽ ഹയർ സെക്കന്ററി / പൊതുവിദ്യാഭ്യാസ ഡയറക്ടർമാർ
- എസ്.സി.ഇ.ആർ.റ്റി, സീമാറ്റ്, എസ്.ഐ.ഇ.റ്റി. ഡയറക്ടർമാർ
- സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ.
- സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ.

- ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എ.എസ്.എ.പി.
- എക്സിക്യൂട്ടീവ് ഡയറക്ടർ, ഐറ്റി@സ്കൂൾ
- സാമൂഹ്യനീതി വകുപ്പിൽ നിന്നുമുള്ള ഒരു പ്രതിനിധി
- അഞ്ച് വിദ്യാഭ്യാസ വിചക്ഷണന്മാർ

## III. ജില്ലാതല കർമ്മസേന ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി വിപുലീകരിക്കുന്നു.

- ജില്ലാ കളക്ടർ - ചെയർമാൻ
- ഡി.ഡി.ഇ – കോ-ഓർഡിനേറ്റർ

അംഗങ്ങൾ

- എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
- സർവ്വശിക്ഷാ അഭിയാന്റെ ജില്ലാ പ്രോജക്ട് ഓഫീസർ
- ആർ.എം.എസ്.എയുടെ ബന്ധപ്പെട്ട ഓഫീസർ
- ബന്ധപ്പെട്ട ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
- വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ അസിസ്റ്റന്റ് ഡയറക്ടർ
- ഐ.റ്റി@സ്കൂൾ കോ-ഓർഡിനേറ്റർ
- എ.എസ്.എ.പിയുടെ ജില്ലാതല പ്രോജക്ട് മാനേജർ
- ഡയറ്റ് പ്രിൻസിപ്പൽ
- എക്സിക്യൂട്ടീവ് എൻജിനീയർ (കെട്ടിട വിഭാഗം)

കൂടാതെ പ്രവർത്തന സമിതിയിൽ ചെയർമാന്റെ അധികാര പരിധിയിൽ നിന്നുകൊണ്ട് ജില്ലാ കളക്ടർക്ക് അനുയോജ്യരായ രണ്ടോ മൂന്നോ ഉദ്യോഗസ്ഥരെ പദ്ധതി നിർവ്വഹണ ക്രോഡീകരണ പ്രവർത്തനങ്ങൾക്കു വേണ്ടി നിയമിക്കാവുന്നതാണ്.

പരാമർശം (1), (3) ഉത്തരവുകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള വിവിധ തലങ്ങളിലുള്ള കമ്മിറ്റി ചുവടെ ചേർക്കുന്ന പ്രകാരം വിപുലീകരിക്കുന്നു.

## IV മണ്ഡലതല കമ്മിറ്റി

| | |
|---|---|
| രക്ഷാധികാരി | - എം.പി |
| പ്രസിഡന്റ് | - എം.എൽ.എ |
| ഡി.ഇ.ഒ | - കൺവീനർ |
| ഡി.പി.ഒ (എസ്എസ്എ) | - കോ-ഓർഡിനേറ്റർ |

## V. തദ്ദേശസ്വയംഭരണതല കമ്മിറ്റി

- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എൽ.പി/യു.പി. സ്കൂളുകൾ, ഹൈസ്കൂൾ/ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ - ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് /മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ - പ്രസിഡന്റ്.
- അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർ-കൺവീനർ
  എസ്.എസ്.എ. ക്ലസ്റ്റർ കോ-ഓർഡിനേറ്റർ - കോ-ഓർഡിനേറ്റർ.

- ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - അംഗം

## VI. സ്കൂൾതല കമ്മിറ്റി

- ബന്ധപ്പെട്ട സ്കൂളിലെ പ്രിൻസിപ്പൽ/ഹെഡ് മാസ്റ്റർ
- പഞ്ചായത്ത് മെമ്പർ/വാർഡ് കൗൺസിലർ
- പി.ടി.എ. പ്രസിഡന്റ്/സെക്രട്ടറിമാർ
- 2 പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ
- ഐ.റ്റി. കോ-ഓർഡിനേറ്റർ
- ക്ലസ്റ്റർ കോ-ഓർഡിനേറ്റർ (എസ്.എസ്.എ.)
- ബന്ധപ്പെട്ട പഞ്ചായത്തിലെ/മുനിസിപ്പാലിറ്റിയിലെ എൻജിനീയർ (തദ്ദേശസ്വയംഭരണം) - മേൽനോട്ടം.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബി.ശ്രീനിവാസ്**
**പ്രിൻസിപ്പൽ സെക്രട്ടറി(i/c)**

എല്ലാ എം. പി മാർക്കും (ആമുഖ കത്ത് സഹിതം)
എല്ലാ എം. എൽ. എ മാർക്കും (ആമുഖ കത്ത് സഹിതം)
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
ഡയറക്ടർ, സിയറ്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ, ആർ.എം.എസ്.എ, തിരുവനന്തപുരം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ,ASAP, തിരുവനന്തപുരം
എല്ലാ ഡി. ഇ. ഒ / ഡി. ഡി. ഇ മാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ധനകാര്യവകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഐ & പി. ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ